ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം ഊർജിതം; പ്രദേശത്ത് കുടുങ്ങിയവരെ വ്യോമസേനാ വിമാനങ്ങളിൽ എയർലിഫ്റ്റ് ചെയ്യുന്നു.
   **Central and state governments intensified Rescue operations in the Wayanad landslide disaster; those trapped in the area are being airlifted by Air Force planes.**

2. വയനാട് ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 100 കടന്നു. കേരളം കണ്ട ഏറ്റവും വലിയ ദുരന്തമെന്ന് മുഖ്യമന്ത്രി.
   **The death toll in the Wayanad disaster has crossed 100. The Chief Minister said that it is the biggest disaster that Kerala has ever seen.**

3. കേരളത്തിൽ ഇന്നും നാളെയും ഔദ്യോഗിക ദുഃഖാചരണം. പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവച്ചു. എട്ട് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.
   **Government declaired official mourning today and tomorrow in Kerala. Public functions and celebratory programs have been postponed. Holiday for educational institutions in eight districts tomorrow.**

4. സംസ്ഥാനത്ത് അതിതീവ്രമഴ തുടരാൻ സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. എട്ട് ജില്ലകളിൽ ചുവപ്പ് ജാഗ്രത.
   **The Central Meteorological Department said that heavy rains are likely to continue in the state. Red alert in eight districts.**

5. സമൂഹത്തിലെ എല്ലാ മേഖലയ്ക്കും ഗുണകരമാകുന്ന പദ്ധതികൾ ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

**Union Finance Minister Nirmala Sitharaman said that this year's budget includes projects that will benefit all sectors of society.**

6. പാരീസ് ഒളിമ്പിക്സ് 10 മീറ്റർ എയർ പിസ്റ്റൾ മിക്സ്ഡ് ഷൂട്ടിംഗിൽ മനു ഭാക്കർ - സരബ്ജോത് സിംഗ് സഖ്യത്തിന് വെങ്കലം.

**In the 10m air pistol mixed shooting in Paris Olympics, India's Manu Bhakar and Sarabjot Singh won bronze for the country.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## WAYANAD 1

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 110 ആയി. മരണ സംഖ്യ ഇനിയും ഉയരാനാണ് സാധ്യത. മരിച്ചവരിൽ 34 പേരെ തിരിച്ചറിഞ്ഞു. 130 ലേറെ പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. കൂടുതൽ പേർ പ്രദേശത്ത് കുടുങ്ങിക്കിടക്കുന്നതായാണ് വിവരം. മേഖലയിൽ കുടുങ്ങിക്കിടക്കുന്നവരേയും പരിക്കേറ്റവരേയും വ്യോമസേനയുടെ ഹെലികോപ്റ്ററുകളിൽ എയർലിഫ്റ്റ് ചെയ്യാനാരംഭിച്ചു. ഒറ്റപ്പെട്ട നിലയിലായിരുന്ന മുണ്ടക്കൈയിൽ, ദുരന്തത്തിന് 11 മണിക്കൂറുകൾക്ക് ശേഷമാണ് കരസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാനായത്. ഉരുൾപൊട്ടലിൽ പാലം തകർന്ന സാഹചര്യത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനായി സൈന്യത്തിന്റെ എഞ്ചിനീയറിങ് വിഭാഗവും മേഖലയിലുണ്ട് . ദുരന്തനിവാരണസേനയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കൂടുതൽ എൻ.ഡി.ആർ.എഫ് സംഘങ്ങളെയും ദുരന്തബാധിത പ്രദേശത്ത് എത്തിക്കും. സംസ്ഥാന മന്ത്രിമാരായ കെ രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, എ കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സംഭവ സ്ഥലത്ത് തങ്ങി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ പ്രത്യേക ഏകോപനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവുവിനെ സ്പെഷ്യൽ ഓഫിസറായി സംസ്ഥാന

സർക്കാർ നിയമിച്ചിട്ടുണ്ട്. മുണ്ടക്കൈ, അട്ടമല, ചൂരൽമല മേഖലയിൽ ഇന്ന് പുലർച്ചെയാണ് ഉരുൾപൊട്ടലുണ്ടായത്.ഇരുനൂറോളം വീടുകൾ ഉള്ളിടത്താണ് അപകടം നടന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## CM - WAYANAD

കേരളം കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണ് വയനാട് ഉണ്ടായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നടപടികൾ പൂർത്തിയാക്കി മൃതദേഹങ്ങൾ എത്രയും വേഗം ബന്ധുക്കൾക്ക് കൈമാറുമെന്നും മൃതദേഹങ്ങൾ തിരിച്ചറിയാനാകാത്ത സാഹചര്യത്തിൽ ജനിതക പരിശോധനകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ഇടങ്ങളിലും ദുരിത മേഖലകളിലും ഭക്ഷണവും അവശ്യവസ്തുക്കളും ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര മന്ത്രിമാർ, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തുടങ്ങിയവരെല്ലാം സ്ഥിതിഗതികൾ വിലയിരുത്തുകയും അവശ്യമായ സഹായം വാഗ്ദാനം ചെയ്യുകയും ചെയ്തെന്ന് മുഖ്യമന്ത്രി പറഞ്ഞു. അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ ജനങ്ങൾ കൃത്യമായി പാലിക്കണം. ദുരന്ത മേഖലയിലുള്ള മാധ്യമപ്രവർത്തകർ സ്വന്തം സുരക്ഷ കണക്കിലെടുക്കണമെന്നും രക്ഷാപ്രവർത്തകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ ജോലി നിർവഹിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി. ദുരന്ത മേഖലയിലേക്ക് അനാവശ്യമായി വാഹനങ്ങൾ പോകുന്നത് ഒഴിവാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PREZ-VP - WAYANAD

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ

കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് അൻപതിനായിരം രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം പ്രഖ്യാപിച്ചു. മുഖ്യമന്ത്രി പിണറായി വിജയനുമായി ഫോണിൽ ബന്ധപ്പെട്ട് സ്ഥിതിഗതികൾ ആരാഞ്ഞ പ്രധാനമന്ത്രി. രക്ഷാപ്രവർത്തനത്തിന് എല്ലാ പിന്തുണയും ഉറപ്പുനൽകി.കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും മുഖ്യമന്ത്രി പിണറായി വിജയനുമായി സംസാരിച്ചു. കേന്ദ്രത്തിൽ നിന്ന് സാധ്യമായ എല്ലാ സഹായങ്ങളും അദ്ദേഹം ഉറപ്പുനൽകി. ലോക്സഭാ പ്രതിപക്ഷ നേതാവും വയനാട് മുൻ എം പിയുമായ രാഹുൽ ഗാന്ധിയും മുഖ്യമന്ത്രിയുമായി ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ ആരാഞ്ഞു. കേന്ദ്രത്തിൻറെ ഭാഗത്തു നിന്ന് എല്ലാ സഹായവും ലഭ്യമാകുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## STATE MOURNING

ചൂരൽമലയിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഇന്നും നാളെയും സർക്കാർ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ദുഃഖാചരണ കാലയളവിൽ സംസ്ഥാനമൊട്ടാകെ ദേശീയപതാക പകുതി താഴ്ത്തിക്കെട്ടും. സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുചടങ്ങുകളും ആഘോഷ പരിപാടികളും മാറ്റിവയ്ക്കും. മരിച്ചവരോടുള്ള ആദര സൂചകമായി 16 മത് ഐ.ഡി. എസ്. എഫ്. എഫ്. കെയുടെ ഔദ്യോഗിക ചടങ്ങുകൾ ഒഴിവാക്കി.

&&&&&&&&&&&&&&&&&&

## CONTROL ROOM

വയനാട്ടിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ കൺട്രോൾ റൂമുകൾ തുറന്നു. ആരോഗ്യവകുപ്പിൻറെ കൺട്രോൾ റൂമുകളിൽ 96 56 93 86 89 എന്ന നമ്പറിലോ 80 86 01 08 33 എന്ന നമ്പറിലോ ബന്ധപ്പെടാം. പൊലീസ് ആസ്ഥാനത്തും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂർ

പ്രവർത്തിക്കുന്ന കൺട്രോൾ റൂമിൽ 94 97 90 04 02 എന്ന നമ്പറിലോ 0471 2 72 15 66 എന്ന നമ്പറിലോ ബന്ധപ്പെടാം. വയനാട് ജില്ലാഭരണകൂടം സജ്ജീകരിച്ചിരിച്ച കൺട്രോൾ റൂമിൽ 1077 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാം.

&&&&&&&&&&&&&&&&&&

## MALAPPURAM (INTRO)

വയനാട് മുണ്ടക്കൈ ദുരന്തത്തിൽ അകപ്പെട്ടവരുടെ മൃതദേഹങ്ങൾക്കായി ചാലിയാർ പുഴയുടെ മലപ്പുറം നിലമ്പൂർ മേഖലയിലും തിരച്ചിൽ നടത്തുന്നു. കണ്ടെത്തുന്ന മൃതദേഹങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലും സജ്ജീകരണങ്ങൾ ഒരുക്കി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു...... (വോയ്സ്)

&&&&&&&&&&&&&&&&&&

## TN -STALIN

വയനാട്ടിലെ ദുരന്തത്തിൽ കേരളത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നതായി തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ അറിയിച്ചു. രക്ഷാപ്രവർത്തനത്തിനും പുനരധിവാസത്തിനുമായി 5 കോടി രൂപ നൽകുമെന്ന് അദ്ദേഹം ഫെയ്സ്ബുക്കിൽ അറിയിച്ചു. ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന മെഡിക്കൽ സംഘത്തെയും അഗ്നിശമന സേനയുടെ ടീമിനെയും അയയ്ക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## RAIN KERALA

കേരളത്തിൽ അടുത്ത 48 മണിക്കൂർ കൂടി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വയനാടിനു പുറമേ സമീപ ജില്ലകളിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. വയനാട് ബാണാസുര സാഗർ ഡാമിന്റെ ഷട്ടറുകൾ തുറന്നു. ഇടുക്കി മുതൽ കാസർഗോഡ് വരെ എട്ട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം,

എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയുണ്ട്. തിരുവനന്തപുരത്തും കൊല്ലത്തും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. അതിതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറണമെന്നും നിർദ്ദേശമുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## STATE HOLIDAY

സംസ്ഥാനത്ത് കനത്ത മഴ നിലനിൽക്കുന്ന സാഹചര്യത്തിൽ വയനാട്, പത്തനംതിട്ട, കാസർഗോഡ്, തൃശ്ശൂർ, എറണാകുളം, മലപ്പുറം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധിയായിരിക്കും. നാളെ മുതൽ ഓഗസ്റ്റ് രണ്ട് വരെ നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചതായി പി.എസ്.സി അറിയിച്ചു. എന്നാൽ അഭിമുഖങ്ങൾക്ക് മാറ്റമില്ല.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## BUDGET - NIRMALA

സമൂഹത്തിലെ എല്ലാ മേഖലയ്ക്കും ഗുണകരമാകുന്ന പദ്ധതികൾ ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ലോക്സഭയിൽ ബജറ്റ് ചർച്ചക്ക് മറുപടി പറയുകയായിരുന്നു ധനമന്ത്രി. ബജറ്റിൽ കർഷകർക്കും യുവാക്കൾക്കും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. യുവാക്കൾക്കായി അഞ്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക മേഖലക്ക് കൂടുതൽ തുക വകയിരുത്തി. ഫസൽ ഭീമ യോജന പോലെയുള്ള നിരവധി പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെന്ന് ശ്രീമതി നിർമല സീതാരാമൻ പറഞ്ഞു.ബജറ്റിൽ ഒരു സംസ്ഥാനത്തെക്കുറിച്ച് പരാമർശിച്ചില്ലെങ്കിൽ അവിടെ ധനസഹായം എത്തുന്നില്ലെന്ന പ്രതിപക്ഷത്തിന്റെ പ്രചരണം തെറ്റിദ്ധാരണ പരത്തുന്നതാണെന്ന് ധനമന്ത്രി പറഞ്ഞു.

അതേസമയം, ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടർന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

## OLYMPICS

പാരീസ് ഒളിമ്പിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ഷൂട്ടിംഗിൽ മനു ഭാക്കർ - സരബ്ജോത് സിംഗ് സഖ്യത്തിന് വെങ്കലം. ദക്ഷിണ കൊറിയൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ മെഡൽ നേട്ടം. തുഴച്ചിൽ സ്കൾസ് പുരുഷവിഭാഗത്തിൽ ബൽരാജ് പൻവാർ സെമി ഫൈനലിലേക്ക് യോഗ്യത നേടി. ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ സാത്വിക് സായ്രാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. ഹോക്കിയിൽ ഇന്ത്യൻ സംഘം അയർലണ്ടിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## PREZ-MANU SARABJOT

പാരീസ് ഒളിംപിക്സിൽ ഷൂട്ടിംഗ് 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇനത്തിൽ വെങ്കലം സ്വന്തമാക്കിയ മനു ഭാക്കറിനേയും സരബ്ജോത് സിംഗിനേയും രാഷ്ട്രപതി ദ്രൗപതി മുർമുവും, പ്രധാനമന്ത്രി നരേന്ദ്രമോദിയും അഭിനന്ദിച്ചു. ഒരു ഒളിംപിക്സിൽ രണ്ട് മെഡലുകൾ നേടുന്ന ആദ്യ ഇന്ത്യൻ വനിതയെന്ന നിലയിൽ മനു ഭാക്കർ ചരിത്രം സൃഷ്ടിച്ചുവെന്ന് രാഷ്ട്രപതി സാമൂഹ്യ മാധ്യമത്തിൽ പറഞ്ഞു. ഇന്ത്യൻ ഷൂട്ടിംഗ് താരങ്ങൾ രാജ്യത്തിന് തുടർച്ചയായി അഭിമാനം നൽകുകയാണെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&